**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6398 21.11.2019 ൽ മറുപടിക്ക്**

**ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് പുതുക്കിപ്പണിയുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്.തോമസ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വെള്ളം കയറാത്ത രീതിയിൽ ഉയർത്തി പുതുക്കിപ്പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വെള്ളം കയറാത്ത രീതിയിൽ ഉയർത്തി പുതുക്കിപ്പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. 02.07.2019 ലെ സ.ഉ.(കൈ) നമ്പർ 212/2019/റവ. ഉത്തരവ് പ്രകാരം ഈ റോഡ് റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിത ചെലവായ 350 കോടി രൂപ വികസന നയ വായ്പ പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും കണ്ടെത്താനുമാണ് ഉത്തരവായിട്ടുള്ളത്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവാണ് പ്രതീക്ഷിക്കുന്നതെന്നും നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) ടി പ്രവൃത്തിയുടെ പ്രതീക്ഷിത ചെലവ് 350 കോടി രൂപയാണ്. പദ്ധതിയുടെ രൂപരേഖ പൊതുമരാമത്ത് ഡിസൈൻ വിങ്ങ് തയ്യാറാക്കിവരുകയാണ്. ഡിസൈൻ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ യഥാർത്ഥ നിർമ്മാണചിലവ് കൃത്യമായി കണക്കാക്കാനും എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കുമെന്നും പറയുവാനും സാധിക്കുകയുള്ളൂ. |
| (സി) പ്രസ്തുത റോഡിലുള്ള ഏതെങ്കിലും പാലങ്ങൾ പുതുക്കിപ്പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പാലങ്ങളാണ് പുതുക്കിപ്പണിയുന്നത് എന്നറിയിക്കാമോ; | (സി) പുതുക്കി പണിയുവാൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെ രൂപരേഖ പൊതുമരാമത്ത് ഡിസൈൻ വിങ്ങ് തയ്യാറാക്കി വരികയാണ്. അത് ലഭിച്ചാൽ മാത്രമേ പുതുക്കി പണിയുവാൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെ വിവരങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) ഈ റോഡിൽ ചങ്ങനാശ്ശേരിയിലെ പെരുന്ന ഭാഗത്തുള്ള ആവണി കലുങ്ക് അശാസ്ത്രീയമായി നിർമ്മിച്ചതുമൂലം ഈ ഭാഗത്ത് മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) പെരുന്ന ഭാഗത്തുള്ള ആവണി കലുങ്ക് ഭാഗത്ത് മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | റോഡ് പുനർനിർമ്മാണത്തിന്റെ ഭാഗമായി ഈ കലുങ്ക് പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ? | (ഇ) | നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**